**അനുമോദനം**

ടോക്യോ ഒളിമ്പിക്സ് മെഡൽ ജേതാക്കൾക്ക് അഭിനന്ദനം

മി. സ്പീക്കർ: ടോക്യോ ഒളിമ്പിക്സിലെ അത്‌ലറ്റിക്സ് മത്സരത്തിൽ ഇന്ത്യ ചരിത്രത്തിലാദ്യമായി സ്വർണ്ണമെഡൽ നേടിയിരിക്കുന്നു. പുരുഷവിഭാഗം ജാവലിൻ ത്രോയിൽ നീരജ് ചോപ്രയാണ് 87.58 മീറ്റർ എറിഞ്ഞ് ഇന്ത്യയ്ക്ക് അഭിമാനകരമായ വിജയം സമ്മാനിച്ചത്. അഭിനവ് ബിന്ദ്രയ്ക്കുശേഷം ഇന്ത്യ വ്യക്തിഗത ഇനങ്ങളിൽ നേടുന്ന ആദ്യത്തെ സ്വർണ്ണ മെഡൽ കൂടിയാണിത്. ആധുനിക ഒളിമ്പിക്സിൽ ഇന്ത്യ നേടുന്ന ആദ്യത്തെ അത്‌ലറ്റിക്സ് മെഡൽ എന്ന നിലയിൽ എത്രയോ തലമുറകളുടെ സ്വപ്നമാണ് നീരജ് ചോപ്ര ടോക്യോയിൽ സാക്ഷാത്ക്കരിച്ചത്. രാജ്യത്തിന് അഭിമാനകരമായ വിജയം സമ്മാനിച്ച നീരജ് ചോപ്രയെ കേരള നിയമസഭ അഭിനന്ദിക്കുന്നു. ഒളിമ്പിക്സിലെ പുരുഷ വിഭാഗം 65 കിലോ ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വെങ്കലം നേടിയ ബജ്‌രംഗ് പൂനിയയെയും ഈ സഭ അഭിനന്ദിക്കുന്നു. രണ്ട് മാസം മുമ്പ് പരിക്കേറ്റിരുന്ന ബജ്‌രംഗ് പൂനിയയോട് ഡോക്ടർമാർ വിശ്രമിക്കാൻ നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ രാജ്യത്തിനുവേണ്ടി മത്സരിച്ച് അദ്ദേഹം മെഡൽ നേടി. ഇരുവർക്കും തുടർന്നും മികച്ച വിജയങ്ങൾ ആശംസിക്കുന്നു.

ടോക്യോ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച വിജയങ്ങൾ നേടിയ എല്ലാ

കായിക താരങ്ങളെയും ഈ സഭ അഭിനന്ദിക്കുന്നു.